# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – റാന്നി താലൂക്ക് - മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം - സംഘാടന ചെലവുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.......................... വകുപ്പ്

**സ.ഉ.(സാധാ)/1779/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 30/05/2017

പരാമർശം:- 1. ശ്രീ. രാജു എബ്രഹാം എം.എൽ.എ യുടെ 15/05/2017 ലെ കത്ത്.

2. 16/02/2006 ലെസ.ഉ.(എം.എസ്) 58/2006/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

റാന്നി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിന്റെ ചെലവിലേയ്ക്ക് സാമ്പത്തിക സഹായമായി റാന്നി, റാന്നി-അങ്ങാടി, റാന്നി-പഴവങ്ങാടി പഞ്ചായത്തുകൾ 25,000 രൂപ വീതവും, നാറാണമൂഴി, അയിരൂർ പഞ്ചായത്തുകൾ 15,000 രൂപ വീതവും വടശ്ശേരിക്കര, പെരുനാട്, വെച്ചൂച്ചിറ, ചെറുകോൽ പഞ്ചായത്തുകൾ 10,000 രൂപ വീതവും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ശ്രീ. രാജു എബ്രഹാം എം.എൽ.എ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.റാന്നി താലൂക്ക് മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിന്റെ ചെലവിലേയ്ക്ക് സാമ്പത്തിക സഹായമായി റാന്നി, റാന്നി-അങ്ങാടി, റാന്നി-പഴവങ്ങാടി പഞ്ചായത്തുകൾ 25,000 രൂപ വീതവും, നാറാണമൂഴി, അയിരൂർ പഞ്ചായത്തുകൾ 15,000 രൂപ വീതവും വടശ്ശേരിക്കര, പെരുനാട്, വെച്ചൂച്ചിറ, ചെറുകോൽ പഞ്ചായത്തുകൾ 10,000 രൂപ വീതവും തനത് ഫണ്ടിൽ നിന്നും നൽകുന്നതിന്, അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം 2 ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി, യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖാന്തരം)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ